LIBRARY ARCHIVES Kerala Legislative Assembly

എസ്. എസ്. എൽ സി. റാങ്ക് ഫയൽ വിതരണച്ചെലവ്

*26 [56] ശ്രീ. ടി. കെ. ബാലൻ:
,, ടി. പി. രാമകൃഷ്ണൻ:
,, പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ വിതരണത്തിനായി എസ്.എസ്.എൽ.സി. റാങ്ക് ഫയൽ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തുതുക ചെലവഴിച്ചു വെന്ന് വ്യക്തമാക്കുമോ;

(ബി) ഏത് സ്ഥാപനത്തിൽ നിന്നും എത്ര പുസ്തകങ്ങളാണ് ഇതിലേക്കായി വാങ്ങിയത്;

(സി) ഏറ്റവും കുറഞ്ഞ തുകയുടെ ക്വട്ടേഷൻ വേറെ ലഭിച്ചിരുന്നുവോ; എങ്കിൽ അത് പരിഗണിക്കാതിരുന്നതിന് കാരണമെന്തായിരുന്നു;

(ഡി) പരീക്ഷയടുക്കുന്ന വേളയിൽ റാങ്ക് ഫയൽ വിതരണം ഉദ്ദേശിക്കുന്ന ഗുണം നൽകുമോ എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ വിഷയത്തിൽ ഹൈക്കോടതി നിർദ്ദേശം പാലിക്കപ്പെടാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഇടയാക്കിയ സാഹചര്യമെന്തായിരുന്നു എന്ന് വിശദമാക്കാമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്. ഇതിനായി പട്ടികജാതി വികസനവകുപ്പിലും പട്ടികവർഗ്ഗ വകുപ്പിലുമായി 69,22,032 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഐ.ഇ.റ്റി. പബ്ലിക്കേഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് പട്ടികജാതി വികസന വകുപ്പ് 30,000 കോപ്പിയും പട്ടികവർഗ്ഗ വികസന വകുപ്പ് 3279 കോപ്പിയും വാങ്ങിയിട്ടുണ്ട്.

(സി) ലഭിച്ചിരുന്നു 'വി' പബ്ലിഷേഴ്സ് എന്ന സ്ഥാപനത്തിൽ നിന്ന് 'ഗൈഡി'-ന് ലഭിച്ചിരുന്നു എന്നാൽ പത്രപരസ്യം റാങ്ക് ഫയലിന് ആയിരുന്നതുകൊണ്ട് റാങ്ക് ഫയലിനു കിട്ടിയ ക്വട്ടേഷനുകൾ മാത്രമേ പരിഗണിച്ചുള്ളൂ. റാങ്ക് ഫയലുകൾ വിദഗ്ദ പരിശോധനയ്ക്കായി പട്ടികജാതി വികസന ഡയറക്ടർ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിലിന് (SCERT) അയച്ച് കൊടുത്തു. വിദ്യാർത്ഥി കൾക്ക് ഏറ്റവും പ്രയോജനകരമായ റാങ്ക് ഫയൽ IET യുടേതാണെന്ന് (SCERT) ശുപാർശ ചെയ്തു. ഈ ശുപാർശ വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത 'CORE' എന്ന സ്ഥാപനത്തിന്റെ 320 രൂപ നിരക്കും അതിന്റെ 35% ഡിസ്കൗണ്ടും കഴിച്ചുള്ള വിലയ്ക്ക് SCERT ഏറ്റവും നല്ല പബ്ലിക്കേഷൻ എന്ന് വിലയിരുത്തിയ IET പബ്ലിക്കേഷൻസിന്റെ റാങ്ക് ഫയൽ വാങ്ങി വിതരണം ചെയ്യാൻ വർക്കിംഗ് ഗ്രൂപ്പ് തീരുമാനിച്ച് ഉത്തരവ് ഇറക്കിയിരുന്നു.

(ഡി) പരീക്ഷ അടുത്ത സമയത്ത് റാങ്ക് ഫയൽ വിതരണം നടത്തിയിട്ടില്ല.

(ഇ) ഹൈക്കോടതി വിധി അനുസരിച്ച് നടപടി സ്വീകരിച്ചിരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷന്റെ രൂപീകരണം

*27 [57] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനം എടുത്തുവോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സംഘടനകളുമായി ചർച്ച നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ഈ കമ്മീഷന്റെ ഘടന സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) തീരുമാനം എടുത്തിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കമ്മീഷനിൽ ഒരു ചെയർപേഴ്സണും രണ്ട് അംഗങ്ങളും ഉണ്ടായിരിക്കും. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിന്മേൽ പ്രത്യേക പരിജ്ഞാനമുള്ളവരിൽ നിന്നും ഒരാളെ ചെയർമാനായും മറ്റൊരാളെ അംഗമായും സർക്കാർ നാമനിർദ്ദേശം ചെയ്യുന്നതാണ്. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പു സെക്രട്ടറി അനൗദ്യോഗികാംഗമായും, മെമ്പർ സെക്രട്ടറിയായും പ്രവർത്തിക്കുന്നതാണ്.

ട്രോളിംഗ് നിരോധനത്തിനുള്ള സംവിധാനങ്ങൾ

*28 [58] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏർപ്പെടുത്തിയിരിക്കുന്ന ട്രോളിംഗ് നിരോധനം ലംഘിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ബോട്ടുകൾക്കും വലകൾക്കുമാണ് ട്രോളിംഗ് നിരോധനം ബാധകമാക്കിയിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) നിരോധനം ഏർപ്പെടുത്തിയശേഷം ആയത് ലംഘിച്ച് മത്സ്യബന്ധനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) ട്രോളിംഗ് നിരോധനം നിലനിൽക്കുമ്പോൾ നിരോധിത മേഖലയിൽ വിദേശ മത്സ്യബന്ധന ബോട്ടുകൾ നടത്തുന്ന മത്സ്യബന്ധനം തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly